# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1600 — 05/02/2019-ൽ മറുപടിയ്ക്ക്

## എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കാൻ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭവനരഹിതരായ എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) | ലൈഫ് മിഷൻ ഭവന പദ്ധതിക്കു വേണ്ടി 2017-ൽ കുടുംബശ്രീ മുഖേന മിഷൻ മാനദണ്ഡപ്രകാരം സർവ്വേ നടത്തിയതിൽ കണ്ടെത്തിയ ഭവനരഹിതരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ |
|---|---|---|
| തിരുവനന്തപുരം | 34723 | 55888 |
| കൊല്ലം | 22437 | 39931 |
| പത്തനംതിട്ട | 6111 | 7616 |
| ആലപ്പുഴ | 19348 | 19365 |
| കോട്ടയം | 9572 | 16685 |
| ഇടുക്കി | 24862 | 21385 |
| എറണാകുളം | 23620 | 37739 |
| തൃശ്ശൂർ | 20317 | 35413 |
| പാലക്കാട് | 28952 | 32330 |
| മലപ്പുറം | 20570 | 25425 |
| കോഴിക്കോട് | 12543 | 17465 |
| വയനാട് | 10820 | 7655 |
| കണ്ണൂർ | 7031 | 8420 |
| കാസർഗോഡ് | 19651 | 12099 |
| ആകെ | 260557 | 337416 |

ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധനയ്ക്ക് ശേഷം ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയത് 184255 ഗുണഭോക്താക്കളെയാണ്.

| | | | |
|---|---|---|---|
| ബി) | എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | ബി) | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ മുന്നോടിയായി 2017-ൽ കുടുംബശ്രീ മുഖേന സർവ്വേ നടത്തി ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുകയും ടി ഗുണഭോക്താക്കളെ ബന്ധപ്പെട്ട തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഗ്രാമസഭ-യിലൂടെ അനർഹരെ ഒഴിവാക്കിയും അർഹരെ ഉൾപ്പെടുത്തിയും അന്തിമ ലിസ്റ്റ് തയ്യാറാ-ക്കുകയും തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള പരിശോധനയ്ക്ക് ശേഷം അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളതുമാണ്. ഇത്തരത്തി-ലാണ് ഭൂമിയുള്ള ഭവനരഹിതരെയും ഭൂരഹിത ഭവനരഹിതരെയും കണ്ടെത്തിയിട്ടുള്ളത്. തുടർന്ന് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരിക്കൽ, ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകൽ, ഭൂരഹിത ഭവനരഹിതർക്ക് വീട് നൽകുന്നതിനായി ഭവന സമുച്ചയ നിർമ്മാണം, വാസയോഗ്യമല്ലാത്ത ഗുണഭോ-ക്താക്കളുടെ വീട് വാസയോഗ്യമാക്കൽ എന്നിങ്ങനെ 4 ഘട്ടങ്ങളിലായി തിരിച്ച് മുൻഗണനാക്രമത്തിൽ ലൈഫ് ഭവന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**